# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 8 PUBLISHED FROM DELHI PRICE Rs. 3/- AUGUST 2011


## നാം ദൈവത്തിന്റെ പ്രിയരായി മാറുക: പാസ്റ്റർ ഡി. ലാസർ

**അടൂർ:**-നാം ദൈവത്തിന് പ്രിയരായി മാറണമെന്നും അതിനായ് ദൈവത്തോട് ചേർന്ന് നിൽക്കുവാൻ കഴിയണമെന്നും നെല്ലിമുകൾ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ ഡി. ലാസർ പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് കേരളാ റീജൺ സഭകളുടെ മാസയോഗത്തിൽ സങ്കീർത്തനം 108:6നെ ആസ്പദീകരിച്ച് ദൈവവചനത്തിൽ നിന്നും സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന് പ്രിയമുള്ളവർക്ക് വിടുതൽ ഉണ്ട്. ബെഥന്യയിലെ ലാസർ ദൈവത്തിന് പ്രിയനായിരുന്നതുകൊണ്ട് നിർജ്ജീവമായ അവസ്ഥയിൽ നിന്ന് ജീവൻ പ്രാപിച്ചു. ദാനിയേൽ ദൈവത്തിന് പ്രിയനായിതീർന്നത് ദൈവത്തോടുള്ള ഉറച്ചതീരുമാനം കൊണ്ടും പ്രാർത്ഥനാജീവിതം കൊണ്ടും ദൈവത്തിലുള്ള ആശ്രയംകൊണ്ടുമാണ്. അതുകൊണ്ട് സിംഹക്കൂട്ടിൽ നിന്നും ദൈവം ദാനിയേലിനെ വിടുവിച്ചു. മാതാപിതാക്കൾക്ക് അർഹമായ ബഹുമാനം കൊടുത്ത ബെന്യാമീൻ ദൈവത്തിനു പ്രിയനായി മാറി.നമ്മുടെ ഒരോ കൂട്ടായ്മകളിലും എപ്പോഴും ദൈവത്തിന് പ്രിയരായി മാറുവാൻ വിശ്വാസികളായ നമുക്ക് സാധിക്കണമെന്നും അദ്ദേഹം കൂട്ടിചേർത്തു. 2011 ജൂലൈ 9-ാം തീയതി കൊടുമൺ ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വെച്ചു നടന്ന മാസയോഗം സ്ഥലം സഭാ ശുശ്രൂഷകൻ പാസ്റ്റർ എബി ജോർജ്ജ് പ്രാർത്ഥിച്ചാരംഭിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാറീജൺ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ സങ്കീർത്തനപ്രബോധനം നിർവ്വഹിച്ചു. ദൈവത്തെ സ്തുതിക്കുന്നത് എല്ലാപ്രശ്നങ്ങൾക്കും പരിഹാരമാണെന്നും ജീവനുള്ള കാലത്തോളം യഹോവയെ സ്തുതിച്ചാൽ മേൽത്തരമായ ഗോതമ്പുകൊണ്ട് ദൈവം നമുക്ക് തൃപ്തി വരുത്തുമെന്നും 147-ാം സങ്കീർത്തനത്തെ അധീകരിച്ച് അദ്ദേഹം പ്രസ്താവിച്ചു. കേരളാറീജണിലെ സഭകളെ പ്രതിനിധികരിച്ച് വിവിധ ദൈവമക്കൾ സാക്ഷ്യങ്ങൾ പ്രസ്താവിച്ചു. ഡൽഹിയിൽ നിന്നും സോണിയാ സാമുവേലും സിസ്റ്റർ എലിസബേത്ത് സാമുവേൽ തുടങ്ങിയവർ അനുഭവസാക്ഷ്യം പങ്കുവെച്ചത് ദൈവമക്കൾക്ക് അനുഗ്രഹമായി.തുടർന്ന് നടന്ന കർത്തൃമേശ ശുശ്രൂഷയ്ക്ക് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. മാസയോഗത്തിൽ പങ്കെടുത്ത ദൈവമക്കൾക്ക് സഭാ സെക്രട്ടറി ബ്രദർ ജോയി നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർ എബി ജോർജ്ജ് പ്രാർത്ഥിച്ച് പാസ്റ്റർ എം.സാമുവൽകുട്ടി ആശിർവാദം പറഞ്ഞ് മാസയോഗം പര്യവസാനിച്ചു.



*പാസ്റ്റർ ഡി. ലാസർ പ്രസംഗിക്കുന്നു. പാസ്റ്റർമാരായ എബി ജോർജ്, എം. സാമുവൽകുട്ടി, ഡി. ജോൺ എന്നിവർ വേദിയിൽ*

## ദലിത് ക്രൈസ്തവരുടെ ജാഥ: ആയിരങ്ങൾ പങ്കെടുത്തു

ന്യൂഡൽഹി: ദലിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നൽകണമെന്ന ആവശ്യവുമായി യു.പി.എ സർക്കാരിനു മേൽ സമ്മർദ്ദം ചെലുത്താൻ പതിനായിരത്തിൽ പരം ആളുകൾ ജൂലൈ 28ന് ഇന്ത്യൻ തലസ്ഥാനത്തിന്റെ നഗരവീഥികളിൽ നിറഞ്ഞുനീങ്ങി. അമ്പത് ബിഷപ്പുമാരും നൂറുകണക്കിന് പുരോഹിതന്മാരും അൽമായരും പങ്കെടുത്ത ജാഥ റാം ലീല മൈതാനത്തിൽ നിന്നും തുടങ്ങി പാർലമെന്റ് മന്ദിരത്തിന് സമീപം സമാപിച്ചു. 25ന് തുടങ്ങിയ നിരാഗ്രഹ സമരത്തിന് അന്ത്യംകുറിച്ചുകൊണ്ടുള്ള ജാഥയിൽ ലോകസഭാംഗങ്ങളും രാഷ്ടീയ നേതാക്കൻമാരും പിന്തുണ അറിയിച്ചുകൊണ്ട് പങ്കെടുത്തു. ഡി. രാജ, റാം വിലാസ് പാസ്വാൻ, വൃന്ദ കരാട്ട്, അലി അൻവർ അൻസാരി, സെയ്യദ് അസീസ് പാഷ എന്നിവരായിരുന്നു ഇവരിൽ പ്രമുഖർ.

താണജാതിക്കാരായ ഹിന്ദുക്കൾക്കും സിക്കുകാർക്കും ബുദ്ധമതാനുയായികൾക്കും വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയുള്ള സംവരണാനുകൂല്യങ്ങൾ നൽകിയ 1950ലെ രാഷ്ട്രപതിയുടെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ദലിത് ക്രൈസ്തവരും മുസ്ലീങ്ങളും ആവശ്യപ്പെട്ട് വരികയാണ്. ദലിത് ക്രൈസ്തവരേയും മുസ്ലീങ്ങളേയും പട്ടികജാതിവിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുള്ള രംഗനാഥ മിശ്ര കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ജാഥയിൽ ശക്തമായ ആവശ്യം ഉയർന്നു. ഈ റിപ്പോർട്ട് സമർപ്പിച്ചിട്ട് നാല് വർഷത്തിലേറെയായി. ഇതുവരെ കേന്ദ്രസർക്കാർ ഇന്ത്യൻ സമൂഹത്തിലെ ഈ വിഭാഗങ്ങളുടെ ന്യായമായ ആവശ്യത്തെ പരിഗണിക്കുവാൻ ഫലപ്രദമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്നത് ദുഖകരവും നിർഭാഗ്യകരവും ആണ് എന്ന നാഷണൽ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം (എൻ.യു.സി.എഫ്) ഒരു പ്രസ്താവനയിൽ പറഞ്ഞു. കാത്തലിക്

(ശേഷം രണ്ടാം പേജിൽ)

എല്ലാ വിശ്വാസി വായനക്കാർക്കും

**സ്വാതന്ത്ര്യദിനാശംസകൾ**

പത്രാധിപ സമിതി

## ചിൽഡ്രൻസ് ഫെസ്റ്റ്

കേരളത്തിലെ കുഞ്ഞുങ്ങൾ ആവേശത്തോടെ സ്വീകരിച്ച് യേശുവുമായ് ഗലീലക്കടലിലൂടെ ആനന്ദ യാത്ര ചെയ്ത ചിൽഡ്രൻസ് ഫെസ്റ്റ് തീം “ഹലോ ഗലീല” യുടെ ഹിന്ദി സിലബസിന്റെ മാസ്റ്റേർസ് ട്രെയിനിംങ്ങ് ഇൻഡ്യാ മിഷന്റെ ആഭിമുഖ്യത്തിൽ ബീഹാറിൽ ആഗസ്റ്റ് മാസം ആദ്യവാരത്തിൽ നടത്തപ്പെടും. ഹിന്ദി/ഇംഗ്ലീഷ് ഭാഷയിലുള്ള പ്രോഗ്രാമുകൾ ഗുജറാത്തിലെ അഹമ്മദബാദ്, ഗാന്ധിധാം, ബറോഡ എന്നീ സ്ഥലങ്ങളിലും, മധ്യപ്രദേശിലെ രത്‌ലാം, ഗ്വാളിയാർ എന്നീ സ്ഥലങ്ങളിലും ഉത്തരഖണ്ഡിലെ നൈനിറ്റാളിലും നടത്തപ്പെട്ടു. ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ സിലബസിനും, ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിംഗിനും, ട്രെയ്നിംഗിനും, ബന്ധപ്പെടുക 9656217909, 9745647909.


**ഉൾപേജുകളിൽ!!!**

ദഹിപ്പിക്കുന്ന അഗ്നി
പാസ്റ്റർ എം. സാമുവൽകുട്ടി (പേജ് 2)

ദൈവം അറിയാത്ത ജനം
പാസ്റ്റർ ടി.ഡി. സുധാകരൻ (പേജ് 3)

ക്രിസ്തുവിന്റെ ന്യായാസനവും വിശുദ്ധന്മാരുടെ പ്രതിഫല വിഭജനവും
പാസ്റ്റർ ബിജു തങ്കച്ചൻ (പേജ് 4)

ഭാരതവികസനം: പ്രശ്നങ്ങളും പ്രതീക്ഷകളും
പാസ്റ്റർ ബിജു ബഞ്ചമിൻ (പേജ് 4)



## വിശ്വാസി പബ്ളിക്കേഷൻസ്

(ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രസിദ്ധീകരണ വിഭാഗം)

**ഇപ്പോൾ വിൽപ്പനയിൽ!!!**



**വിശ്വാസ സംവാദങ്ങൾ**

*വിശ്വാസി പത്രാധിപ ലേഖനങ്ങളിൽ നിന്നും തിരഞ്ഞെടുത്തവയുടെ സമാഹാരം*

വില 70/-



**വിശ്വാസ ഗീതങ്ങൾ**

(പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്)

506 മലയാളം പാട്ടുകൾ,
218 ഹിന്ദി പാട്ടുകൾ,
177 ഇംഗ്ലീഷ് പാട്ടുകൾ
99 റോമൻ സ്ക്രിപ്റ്റ് (മലയാളം) പാട്ടുകൾ,
50 തമിഴ് പാട്ടുകൾ (മലയാളത്തിൽ)
ആകെ 1050 പാട്ടുകൾ

Rs. 130/-



**DIALOGUES IN FAITH**

A collection of selected editorials in Viswasi

Rs. 100/-

*NB:* കുറഞ്ഞത് 20 പുസ്തകങ്ങൾ ഒന്നിച്ച് വാങ്ങുന്നവർക്ക് വിലയിൽ ഇളവ്

VISWASI PUBLICATIONS
87, Tenement-II, R. B. T. B. Hospital,
Delhi-110009, Tel: (011) 27658810
E-mail: icm4india@yahoo.com,
www.indianchristianmission.com

പത്രാധിപ ലേഖനം.......

# ദഹിപ്പിക്കുന്ന അഗ്നി



ലോകത്തിലെ മിക്ക മതസങ്കൽപ്പങ്ങളിലും "അഗ്നി " പ്രധാനമായ ഒരു ഘടകമാണ്. വിശുദ്ധിയുടെ പ്രതീകമായി അഗ്നിയെ വിവിധ സംസ്കാരങ്ങളിൽ കണ്ടുവരുന്നു. വേദപുസ്തകത്തിലും അഗ്നി പരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തെ പ്രതിനിധീകരിക്കുന്നു. ദൈവികശക്തിയെ ദഹിപ്പിക്കുന്ന അഗ്നിയോടെയാണ് തുലനം ചെയ്തിരിക്കുന്നത്. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രായർ 12: 29). ഒന്നിനെ മറ്റൊന്നായി മാറ്റുവാൻ ഈ അഗ്നിക്ക് കഴിയും. മൗനമായി നിർജീവ അവസ്ഥയിൽ ആയിരിക്കാതെ ക്രിയാത്മകമായി വ്യവഹരിക്കുന്ന, പ്രതികരിക്കുന്ന ഒരു ദൈവത്തെയാണ് സങ്കീർത്തനക്കാരൻ വരച്ചുകാട്ടുന്നത്. "നമ്മുടെ ദൈവം വാഴുന്നു, മൗനമായിരിക്കയില്ല; അവന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നു" (സങ്കീർത്തനം 50:3). ദൈവോദ്ദേശ്യങ്ങൾക്ക് എതിരെ നിൽക്കുന്നവയെ ഉൽമൂലനം ചെയ്യുവാനും ഈ തീയ്ക്ക് ശേഷിയുണ്ട്. "തീ അവന്റെ മുമ്പായി പോകുന്നു. ചുറ്റുമുള്ള അവന്റെ വൈരികളെ ദഹിപ്പിക്കുന്നു"(സങ്കീർത്തനം 97:3).

ദഹിപ്പിക്കുന്ന അഗ്നിയുടെ സവിശേഷതകൾ പ്രകടമാക്കുന്ന ചില വേദപുസ്തക സന്ദർഭങ്ങൾ ചുരുക്കമായി പ്രതിപാദിക്കുന്നു. ഒന്ന് രാജാക്കന്മാർ 18ന്റെ 19 മുതൽ 39 വരെയുള്ള ഭാഗം വായിക്കുമ്പോൾ എല്ലാ യിസ്രയേലും ബാലിന്റെ നാനൂറ്റമ്പത് പ്രവാചകന്മാരും നാനൂറ് അശേരാ പ്രവാചകന്മാരും കർമേൽ പർവ്വതത്തിൽ ഏലിയാവ് പറഞ്ഞതിൻ പ്രകാരം ആഹാബ് രാജാവ് വിളിച്ചുകൂട്ടി. ജീവനുള്ള ദൈവം ആര് എന്ന് തെളിയിക്കാൻ അവിടെ ഒരു പരീക്ഷണം നടന്നു. തീ കൊണ്ട് ഉത്തരം അരുളുന്ന ദൈവം തന്നെ ദൈവമെന്ന് അംഗീകരിക്കപ്പെടുമെന്നായിരുന്നു വ്യവസ്ഥ. ബാലിന്റെ പ്രവാചകർ ഏറെ നേരം കിണഞ്ഞു ശ്രമിച്ചിട്ടും ബാലിന്റെ യാഗപീഠത്തിൽ തീ ഇറങ്ങിയില്ല. എന്നാൽ, ഏലിയാവ് പ്രാർത്ഥിച്ചപ്പോൾ യഹോവയുടെ യാഗപീഠത്തിങ്കൽ തീ ഇറങ്ങി. ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു;യാഗപീഠത്തിന്റെ ചുറ്റുമുള്ള തോട്ടിലെ വെള്ളവും വറ്റിച്ചു. അങ്ങനെ, ദഹിപ്പിക്കുന്ന തീ കൊണ്ട് ഉത്തരം അരുളി ദൈവം മഹത്വമെടുത്തു.

ഉല്പത്തി പുസ്തകത്തിലും ദഹിപ്പിക്കുന്ന അഗ്നിയുടെ ശക്തി ദൃശ്യമാകുന്നു. പാപത്തിന്റെ ആധിക്യം നിമിത്തം ദൈവം സോദോം ഗോമോറാ പട്ടണങ്ങളെ തീയും ഗന്ധകവും ഇറക്കി ദഹിപ്പിച്ചു. ആ പട്ടണങ്ങളിലെ സകല വിധ വസ്തുക്കൾക്കും സകല നിവാസികൾക്കും നിലത്തിലെ സസ്യങ്ങൾക്കും ഉന്മൂല നാശം വരുത്തി. ദൈവിക കോപത്തിന്റെ ശിക്ഷാവിധിയുടെ തെളിവായി ഇന്നും സോദോം ഗേമോറായെ ആണ് സാധാരണയായി എടുത്ത് കാട്ടാറുള്ളത്. ദൈവത്തിന് അനിഷ്ടമായ പ്രവൃത്തികൾ ദൈവകോപാഗ്നിക്ക് കാരണമായിത്തീരും.

ദഹിപ്പിക്കുന്ന അഗ്നിയായ ദൈവത്തിന്റെ ഉഗ്രഭാവങ്ങൾ ആണ് പഴയനിയമത്തിൽ നമുക്ക് പരിചിതമെങ്കിൽ നശീകരണത്തിനു പകരം ക്രിയാത്മകമായി പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ അഗ്നി വർഷിക്കുന്ന സ്നേഹവാനായ ദൈവത്തിന്റെ മൃദുലഭാവങ്ങളാണ് പുതിയ നിയമത്തിൽ അധികമായി കാണുവാൻ കഴിയുന്നത്. പരിശുദ്ധാത്മാവിന്റെ തീയിൽ ഒരാൾ വെന്തുരുകുമ്പോൾ അയാളുടെ ജീവിതം പണിയപ്പെടുകയാണ്. ജീവിതത്തിലെ ദൂഷ്യവശങ്ങൾ പക്ഷേ നശിക്കപ്പെടുന്നു. ദൈവസ്നേഹം ഹൃദയത്തിൽ നിറയുമ്പോൾ, ദുശാഠ്യം, അഹങ്കാരം, ഈർഷ്യ, വെറുപ്പ്, അത്യാഗ്രഹം എന്നിങ്ങനെയുള്ള ദുർഗുണങ്ങൾ ഇല്ലാതെയാകുന്നു. ദൈവസന്നിധിയിൽ താണിരുന്ന് പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുന്ന വിശ്വാസി മറ്റുള്ളവരിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ പ്രകടീകരണമായി ജീവിതത്തിൽ നല്ല ഫലങ്ങളെ പുറപ്പെടുവിക്കുന്നു. ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ട് മറ്റുള്ളവർക്ക് മാതൃകയായി മാറുന്ന വിശ്വാസികളുടെ ജീവിതശൈലികളിലാണ് അഗ്നിയുടെ അഭിഷേകം പ്രകടമാകുന്നത്. അല്ലാതെ അഗ്നി എന്ന് നാമകരണം ചെയ്യപ്പെട്ട് ഇന്ന് നടക്കുന്ന സമ്മേളനങ്ങളിലെ കോലാഹലങ്ങളിലല്ല.

യേശുക്രിസ്തുവിന്റെ ഐഹിക ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പേ സ്നാപക യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തിയത് ഇപ്രകാരമായിരുന്നു; "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും " (മത്തായി 3:11ന്റെ അവസാനഭാഗം). 12-ാം വാക്യത്തിലും തുടർന്നു വായിക്കുന്നു; "വീശുമുറം അവന്റെ കൈയ്യിൽ ഉണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും". ദൈവസ്നേഹത്താൽ മനുഷ്യരിൽ പരിവർത്തനം നടത്തുമ്പോൾ അവരിലുള്ള അരുതായ്മകളെ ഇല്ലാതാക്കി സമഗ്ര ക്രമീകരണം വരുത്തുന്ന ഒരു സന്തുലന ശുശ്രൂഷയാണ് യേശുക്രിസ്തു നിർവഹിച്ചത്. ഒരു വശത്ത് ജീവിതത്തെ രചിക്കുമ്പോൾ മറുവശത്ത് അനാത്മിക പ്രവണതകളെ ഉന്മൂലനം ചെയ്യുക. ഇതത്രെ ശരിക്കുമുള്ള അഗ്നിയുടെ ശുശ്രൂഷ. പ്രാവ് രൂപത്തിൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവ് ആണ് അഗ്നിയുടെ അഭിഷേകം വർഷിപ്പിക്കുന്നത്.

പരിശുദ്ധാത്മാവ് പെന്തക്കൊസ്തു നാളിൽ ഇറങ്ങി വന്നപ്പോൾ അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഒരോരുത്തന്റെ മേൽ പതിഞ്ഞു (അപ്പൊ.പ്രവൃത്തികൾ 2:3). അന്നവിടെ അഗ്നിയുടെ അഭിഷേകം പ്രാപിച്ചവർ ആവേശത്തോടെ പ്രവർത്തിച്ചു. യേശുക്രിസ്തുവിന്റെ സ്നേഹസാമ്രാജ്യത്തിന്റെ അതിരുകൾ വിശാലമാക്കുവാൻ അവർ പ്രയത്നിച്ചു. അവരുടെ ഭാഷ സ്നേഹത്തിന്റേതായിരുന്നു. ഇന്ന് മതമൗലികവാദം നിമിത്തം ഹിംസാത്മക പ്രവൃത്തികളിൽ ഏർപ്പെടുന്നവരിൽ നിന്നും അവർ തികച്ചും വ്യത്യസ്തരായിരുന്നു. എന്നാൽ, സത്യത്തിനു വേണ്ടി നിലകൊണ്ട അവരെ ലോകം പകെച്ചു, മിത്രങ്ങൾ വെറുത്തു, ബന്ധുക്കൾ കൈവിട്ടു.

ദൈവസ്നേഹത്തിന്റെ സാക്ഷികൾ ആയിരിക്കുന്നവരോട് അസഹിഷ്ണുത കാട്ടുന്നത് ലോകത്തിന്റെ ശീലമാണ്. അതുകൊണ്ടാണ് യേശു പറഞ്ഞത്, "ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു " (ലൂക്കൊസ് 12:49). സത്യത്തിന്റെ പാതയിൽ ചരിക്കുന്നവരോട് ഛിദ്രപ്പെട്ടിരിക്കുന്ന ലോകത്ത് അഗ്നിയുടെ അഭിഷേകം കൊണ്ട് തിന്മകളെ ഇല്ലാതാക്കി നന്മ സാർവ്വത്രികമാക്കുക എന്നത് ക്രൈസ്തവരുടെ നിയോഗമാണ്. യേശുവിന്റെ ലക്ഷ്യം ഒരു ഐഹികരാജ്യമല്ലായിരുന്നു; എന്നേക്കും നിലനിൽക്കുന്ന ഒരു ആത്മിക സാമ്രാജ്യം ആയിരുന്നു. ലോകമനുഷ്യരിൽ നിന്ന് ആത്മികരെ വേർപെടുത്തി നിർത്തുന്ന ഈ അഗ്നി ഇന്ന് ജീവിതങ്ങളെ പണിത് രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഒരിക്കൽ ഇത് ലോകത്തിന്റെ മേൽ ശിക്ഷാവിധിയായി പെയ്തിറങ്ങും. അതിന് മുമ്പ് സ്നേഹത്തിന്റെ പ്രവൃത്തികൾ നാം തികയ്ക്കാം. ❖

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# ദൈവം അറിയാത്ത ജനം

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

സഹോദരന്റെ ചോദ്യം, കൺവൻഷൻ സ്റ്റേജുകളിലും മറ്റ് പൊതു സന്ദർഭങ്ങളിലും ദൈവത്തെ സുവിശേഷിക്കുന്ന ഇവരുടെ പ്രവൃത്തികൾ ഇങ്ങനെയെങ്കിൽ എന്തിന് ഇവരോടൊപ്പം കൂടണം എന്നതായിരുന്നു.

അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായ് വെച്ചിരിക്കുന്നു"(2 തിമൊഥെയൊസ് 4: 7-8). ഇന്ന് എത്ര പേർക്ക് തന്റേടത്തോടെ ഇത് പറയുവാൻ കഴിയും?

ഇനി മറ്റൊരു കൂട്ടരുടെ ആദായ മാർഗം കൃപാവരങ്ങൾ ആണ്. ഞാൻ കൃപാവരങ്ങൾക്ക് എതിരായ് പറയുകയല്ല; അതിനായി വാഞ്ചിക്കുകയും പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ന് പലരും ഇത് ഒരു ആദായമാർഗമാക്കി മാറ്റി. ഇവർ പറയുന്ന ദൂതുകൾ കേട്ട് എത്ര വിശ്വാസികളുടെ ജീവിതമാണ് തകർന്നിട്ടുള്ളത്? എത്ര പേരാണ് പിൻമാറ്റത്തിലേക്ക് പോയിട്ടുള്ളത്? എത്ര സാമ്പത്തിക ബാധ്യതകളാണ് ചിലർക്ക് വന്ന് കൂടിയിട്ടുള്ളത്? കർത്താവ് നൽകുന്ന ശുശ്രൂഷ ചെയ്യണം; അത് ദൈവത്തിന് പ്രസാദകരമായിക്കും. പല മേമ്പടികളും ചേർത്ത് ശുശ്രൂഷ കൊഴുപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവം കാണുന്നുവെന്ന കാര്യം മറക്കരുത്. അവിടെയാണ് എല്ലാവരും കണക്ക് ബോധിപ്പിക്കേണ്ടത്. വേദപുസ്തകത്തിലെ പ്രവാചകന്മാർ ആലോചന പറയുവാൻ ഭയപ്പെട്ടിരുന്നു. കാരണം അതിന് പ്രതിഫലമായി അവർക്ക് ലഭിച്ചത് കാരാഗ്രഹവും പൊട്ടക്കിണറും ദേഹോപദ്രവും ആയിരുന്നു. അവർ പാപത്തെയും നീതിയേയും വരാൻ പോകുന്ന ന്യായവിധിയേയും കുറിച്ച് ആലോചന പറഞ്ഞിരുന്നു. ഇന്ന് അനുഗ്രഹത്തിന്റെയും നന്മയുടേയും ദൂതുകൾ മാത്രമേ കേൾക്കുന്നുള്ളു. ഇതെല്ലാമോ കർത്താവിന്റെ പേരിൽ; എന്നാൽ കർത്താവ് അവരെ അറിയുന്നതുമില്ല! . കർത്താവ് പറഞ്ഞു, "എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ" (ലൂക്കൊസ് 10:20)

അന്ത്യകാഹള ദിനത്തെകുറിച്ച് ഓർക്ക. നാം ഓരോരുത്തരും അന്ന് കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ എന്തായിരിക്കും നമ്മോട് പറയുന്നത്? "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊള്ളുവിൻ" (മത്തായി 25:34) എന്നോ, അതോ, "ഞാൻ നിങ്ങളെ ഒരു നാളും അറിഞ്ഞിട്ടില്ല" എന്നോ?

# ദലിത് ക്രൈസ്തവരുടെ ജാഥ....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ബിഷപ്പ്സ് കോൺഫറൻസ് (സി.ബി.സി.ഐ), നാഷണൽ കൗൺസിൽ ഓഫ് ചർച്ച്സ് (എൻ. സി.സി.ഐ), ഇവാഞ്ചലിക്കൽ ഫെല്ലോഷിപ്പ് (ഇ.എഫ്.ഐ) എന്നിവയുടെ സംയുക്ത വേദിയായ എൻ.യു.സി.എഫ്. ആവർത്തിച്ചത് പട്ടികജാതി വംശജരായ ക്രൈസ്തവർക്കും മുസ്ലീങ്ങൾക്കും നിയമപരമായ പരിരക്ഷയും മറ്റ് വിദ്യാഭ്യാസപരവും, തൊഴിൽപരമായ ആനുകൂല്യങ്ങളും മറ്റ് മതങ്ങളിലെ ഇതേ വിഭാഗക്കാർക്ക് നൽകി വരുന്നത് പോലെ നൽകണം എന്നത് ന്യായവും യോഗ്യവും ആണ് എന്നതായിരുന്നു.

മതവിശ്വസത്തിലെ മാറ്റം ഒരാളുടെ സാമൂഹിക നിലയെ മാറ്റുന്നില്ലെന്നും ഇന്ത്യയിലെ ദലിത് ക്രൈസ്തവരും മുസ്ലീങ്ങളും നൂറ്റാണ്ടുകളായി സാമൂഹിക, സാമ്പത്തിക ചൂഷണങ്ങളുടെ ഇരകളാണെന്നും എൻ. യു. സി. എഫിന് ബോധ്യമുണ്ട്. അവരുടെ ന്യായമായ ആവശ്യം എത്രയും പെട്ടെന്ന് പരിഗണിച്ച് അവരെ ദലിത് ഹൈന്ദവർക്കും ബുദ്ധമതാനുയായികൾക്കും സിക്കുകാർക്കും തുല്യരാക്കണം, പ്രസ്താവനകൾ പറയുന്നു. സി.ബി.സി.ഐയുടേയും എൻ. സി.സി.ഐയുടേയും സംയുക്ത കാര്യപരിപാടിയായ നാഷണൽ കോർഡിനേഷൻ കമ്മിറ്റി ഫോർ ദലിത് ക്രിസ്ത്യൻസ് ആയിരുന്നു ജാഥയുടെ സംഘാടകർ.


## വരിസംഖ്യ

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


## എഡിറ്റോറിയൽ ബോർഡ്

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ദൈവം അറിയാത്ത ജനം



**പാസ്റ്റർ ടി.ഡി. സുധാകരൻ**

**ന്യൂഡൽഹി**

കർത്താവ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു; "എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവൃത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട് ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തു പറയും" (മത്തായി 7:21-23).

ഒരു ക്രിസ്ത്യാനിയായി ജീവിച്ച് കർത്താവിന്റെ പേരിൽ പല പ്രവൃത്തികളും ചെയ്തു പ്രതിഫലവും പ്രശംസയും കിരീടവും വാങ്ങുവാൻ കർത്താവിന്റെ മുമ്പിൽ വന്നു എന്നാൽ കർത്താവിന്റെ വാക്ക് "ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നായിരിക്കുമോ എന്ന് നാം ആരായണം. കർത്താവിന്റെ പേരിൽ പ്രവൃത്തികൾ തികച്ചു കർത്താവ് അറിയാതെ വരിക എന്നത് ആരെ സംബന്ധിച്ചും ഭാഗ്യഹീനമായ അവസ്ഥയാണ്. ഇന്ന് വലിയ വിശ്വാസികൾ എന്നും പ്രവൃത്തികൾ ഉള്ളവർ എന്നും പറയുന്ന അനേകരുടെ വരുവാൻ ഇരിക്കുന്ന അനുഭവം ആണ് കർത്താവ് മുൻകൂട്ടി ഇവിടെ പറഞ്ഞത്.

രണ്ടു വിധത്തിൽ ജനം തങ്ങളെ തന്നെ വഞ്ചിക്കുന്നു. ചിലർ ചിന്തിക്കുന്നത് പുറമേ "കർത്താവേ കർത്താവേ " എന്ന് വിളിച്ചാൽ അവർക്ക് ഇഷ്ടമുള്ള ഏത് പ്രവൃത്തിയിലും ഏർപ്പെടാം; ക്രിസ്തുവിനെ അനുസരിക്കേണ്ട എന്നത്രെ. മറ്റു ചിലർ നേരെ വിപരീതമായ രീതിയിലാണ് തങ്ങളെത്തന്നെ ചതിക്കുന്നത്. കർത്താവിന്റെ പേരിൽ ചെയ്യുന്ന പ്രവൃത്തികളിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് അവർ വിചാരിക്കുന്നു.

ഒരു വിശ്വാസി കാട്ടേണ്ട അനുസരണമെന്നത് ദൈവമുമ്പാകെയുള്ള ശരിയായ ജീവിതവും നല്ല പ്രവൃത്തികളുമാണ്. ഇവ വിശ്വാസത്തിന്റെ തെളിവാണ്. യഥാർത്ഥ വിശ്വാസം ശരിയായ പ്രവൃത്തികൾക്ക് നിദാനമാകുന്നു. തെറ്റായ പ്രവൃത്തികൾ യഥാർത്ഥ വിശ്വാസത്തിൽ നിന്നുള്ളതല്ല. ഒരുവന്റെ വിശ്വാസം ഒരുവന്റെ പ്രവൃത്തിയിൽ നിന്നും അറിയാൻ കഴിയും. അതുകൊണ്ട് വിശ്വാസവും പ്രവൃത്തിയും തമ്മിൽ വേർതിരിക്കുവാൻ കഴിയില്ല. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ് (യാക്കോബ് 2:14). യേശുവിനെ കർത്താവ് എന്ന് വിളിക്കയും യേശു പറയുന്നത് അനുസരിക്കാതിരിക്കുകയും ചെയ്യുന്നവനെ ദൈവവചനം കള്ളൻ എന്നാണ് വിളിക്കുന്നത് (1 യോഹന്നാൻ 2:4).

ചിലർ യേശുവിന്റെ ഉപദേശത്തിൽ വിശ്വസിക്കുന്നു. എന്നാൽ, അവരുടെ ജീവിതത്തിലും പ്രവൃത്തിയിലും അതനുസരിച്ച് ഒരു മാറ്റവും ദൃശ്യമാകുന്നില്ല. ചിലർ പ്രാർത്ഥിക്കുമ്പോൾ "കർത്താവേ, കർത്താവേ"എന്ന് ഒരിക്കലല്ല പല പ്രാവശ്യം പറയുന്നു. വികാരവായ്പോടെ സംസാരിക്കുന്നു. എന്നാൽ ദൈവഭയമോ, അനുസരണമോ ലേശംപോലും ഇല്ല. അവരുടെ ജീവിതവും പ്രവൃത്തികളും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലല്ല. അവരെ നോക്കി ദൈവം പറയുന്നു "ഞാൻ നിങ്ങളെ അറിയുന്നില്ല". ഈ ഭൂമിയിൽ നിങ്ങൾക്ക് ഒരു മഹാനായി ജീവിക്കാൻ കഴിയും. എന്നാൽ, പരിശുദ്ധാത്മപൂരിതമായ ഒരു ജീവിതം നയിച്ച് ദൈവത്തെ അനുസരിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു.

> യഥാർത്ഥ വിശ്വാസം ശരിയായ പ്രവൃത്തികൾക്ക് നിദാനമാണ്. തെറ്റായ പ്രവൃത്തികൾ യഥാർത്ഥ വിശ്വാസത്തിൽ നിന്നുള്ളതല്ല. ഒരുവന്റെ വിശ്വാസം ഒരുവന്റെ പ്രവൃത്തിയിൽ നിന്നും അറിയാൻ കഴിയും.

ഇന്ന് പലർക്കും വിശ്വാസ ജീവിതം കാര്യസാദ്ധ്യതയുടെ മാർഗ്ഗം ആയിരിക്കുകയാണ്. എന്തുകൊണ്ട് ഒരു വിശ്വാസിയായിരിക്കുന്നു എന്ന് ചോദിച്ചാൽ അനേകരുടെയും മറുപടി ഞാൻ രോഗിയായി മാറും, ദൈവം എന്നെ ശിക്ഷിക്കും, എന്റെ സാമ്പത്തികം തകരും എന്നൊക്കെയാണ്. എന്നാൽ, ഞാൻ പാപിയായിരുന്നു, എന്റെ പാപങ്ങൾക്ക് വേണ്ടി ക്രിസ്തു മരിച്ചു; അവനിൽ കൂടിയല്ലാതെ എനിക്ക് പാപമോചനം ഇല്ല; മരണാനന്തര ജീവിതമുണ്ട്; അത് ക്രിസ്തുവിൽ കൂടി മാത്രമേ സാദ്ധ്യമാകു എന്ന് ഗ്രഹിക്കുന്നവർ ചുരുക്കം. അതിന്റെ പ്രധാന കാരണം അങ്ങനെ പഠിപ്പിക്കുന്നവരും ചുരുക്കമാണ് എന്നതാണ്.

അപ്പൊസ്തലനായ പൗലൊസിന്റെ ഒരു വാചകം വളരെ ശ്രദ്ധേയമാണ്. "ഞാൻ ത്രോവസിൽ കർപ്പോസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മ ലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവരിക"(2തിമൊഥെയൊസ് 4:13). കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കൾ ഉണ്ടായിരുന്ന പൗലൊസ് തന്റെ ജീവിതത്തിന്റെയും സുവിശേഷവേലയുടേയും അവസാന നാളുകളിൽ പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. വലിയ ധനികനായ അദ്ദേഹം സുവിശേഷവേലയിൽ ഇറങ്ങി, അവസാനം ശേഷിച്ചത് പുതപ്പും പുസ്തകങ്ങളുമായിരുന്നു. എന്നാൽ, ഇന്ന് പുതപ്പും പുസ്തകങ്ങളുമായി സുവിശേഷവേലയ്ക്കായി ഇറങ്ങുന്നു. അവസാനമോ, കോടികളുടെ ബാങ്ക് നിക്ഷേപം, വ്യവസായങ്ങൾ, സ്ഥാപനങ്ങൾ തോട്ടങ്ങൾ. എവിടെ നിന്നാണ് ഇതെല്ലാം?. ദൈവിക അനുഗ്രഹം തെറ്റല്ല; ദൈവം നിശ്ചയമായും അനുഗ്രഹിക്കും എന്നാൽ നാം അത് വിനിയോഗിക്കുന്ന വിധം ശരിയായിരിക്കണം. നാം ഒരു കാര്യം മനസ്സിലാക്കണം. പാവപ്പെട്ട ദൈവമക്കളുടെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായി ദൈവം അവർക്ക് കൊടുക്കുന്ന നന്മയിൽ നിന്ന് ദൈവനാമ മഹത്വത്തിനായി അവർ കൊടുക്കുന്നതാണ് ഈ വരുമാനത്തിന്റെ സ്രോതസ്. ഇങ്ങനെ ധനം സമ്പാദിക്കുന്നവർക്ക് പല ന്യായങ്ങളും പറയാൻ കാണും. എന്നാൽ കർത്താവ് പറയുന്നു, "ഞാൻ നിങ്ങളെ അറിയുന്നില്ല". എന്നാൽ ഇതിന്റെ മദ്ധ്യത്തിൽ കണ്ണുനീരോടും ആത്മഭാരത്തോടും കൂടെ പ്രവർത്തിക്കുന്ന അനേക ദൈവദാസന്മാരും ദൈവമക്കളും ഉണ്ട് എന്നുള്ള കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

ഞാൻ ഒരിക്കൽ കേരളത്തിൽ ആയിരുന്നപ്പോൾ എന്റെ വീട്ടിൽ പണിക്ക് വന്ന ഒരു ചെറുപ്പക്കരനോട് എന്റെ അനുഭവ സാക്ഷ്യം പങ്ക് വെയ്ക്കുകയും അയാളോട് മദ്യപാനവും പുകവലിയും വിട്ട് യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് ഒരു നല്ല ക്രിസ്തീയ ജീവിതം നയിക്കണമെന്നു ഉപദേശിക്കുകയും ചെയ്തു. അപ്പോൾ ആ സഹോദരൻ പറഞ്ഞ മറുപടി കേട്ട് ഞാൻ മരവിച്ചു പോയി. ഒരു വിശ്വാസിയായിരുന്ന അയാൾ ജോലി ചെയ്തിരുന്നത് കേരളത്തിലെ ഒരു സുവിശേഷ പ്രവർത്തകന്റെ ഓഫീസിലായിരുന്നു. അവിടെ നടക്കുന്ന കള്ളത്തരങ്ങളും സൂത്രപണികളും കണ്ട് ദൈവഭയം ഇല്ലാതെയായി അവിശ്വാസിയായി മാറി. മദ്യപിച്ച്, പുകവലിച്ച് നടക്കുന്ന ആ

(ശേഷം രണ്ടാം പേജിൽ)

## ക്രിസ്തുവിന്റെ ന്യായാസനവും .....

(നാലാം പേജിൽ നിന്ന് തുടർച്ച)

ഫലം കിട്ടും. മരം, പുല്ല്, വൈക്കോൽ തുടങ്ങിയ നിലവാരത്തിലുള്ള പ്രവൃത്തികൾ വെന്തുപോകും. അതിന് ചേതം വരും.

നമ്മുടെ പ്രവൃത്തികൾ രണ്ട് വിഭാഗത്തിൽ പെടുന്നു, നിലനിൽക്കുന്നതും വെന്തുപോകുന്നതും. ഈ ലോക ജീവിതം സുരക്ഷിതമാക്കുവാൻ നാം ചെയ്യുന്ന പ്രവൃത്തികൾ വെന്തുപോകുന്നതും നിത്യത ലക്ഷ്യമാക്കി ചെയ്തവ നിലനിൽക്കുന്നതുമാണ്. മരം, പുല്ല്, വൈക്കോൽ എന്നിവ ദീർഘമായ ഭാവിക്കുവേണ്ടിയുള്ള നല്ല സമ്പാദ്യങ്ങളല്ല. അത് ചില ദിവസങ്ങളിലേക്കും മാസങ്ങളിലേക്കും ഉള്ള കണക്കുകൂട്ടലിൽ അധിഷ്ഠിതമായി സ്വരൂപിക്കപ്പെടുന്നതാണ്. എന്നാൽ വിലയേറിയ കല്ല്, പൊന്ന്, വെള്ളി എന്നിവ ഭാവിക്കുവേണ്ടിയുള്ള സമ്പാദ്യമാണ്. ഭാവി സുരക്ഷിതമാക്കുവാൻ ആഗ്രഹിക്കുന്നവരാണ് ഇവ സ്വരൂപിച്ച് വയ്ക്കുന്നത്. അന്നന്നത്തേക്ക് മാത്രം ചിന്തിക്കുന്നവർ ഒന്നാം വിഭാഗത്തിലുള്ളത് കരുതുമ്പോൾ നല്ല നാളെക്കുവേണ്ടി ചിന്തിക്കുന്നവർ രണ്ടാം വിഭാഗത്തിലുള്ളത് കരുതുന്നു.

പഠിക്കുന്നു, ജോലി ചെയ്യുന്നു, ധനം സമ്പാദിക്കുന്നു, മക്കളെ പഠിപ്പിക്കുന്നു, വീട് വാങ്ങുന്നു ഇവയൊക്കെ മണ്ണിലെ വാസം മനോഹരമാക്കാനുള്ള പണികളാണ്. ഇതൊക്കെ ചെയ്യുമ്പോൾ നാം നമ്മുടെ കടമകൾ നിർവ്വഹിക്കുന്നു എന്നു മാത്രം. ഇതിനൊന്നും നിത്യതയിൽ പ്രതിഫലം ഇല്ല. നാം നമുക്കു വേണ്ടി ചെയ്യുന്നതല്ല മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നതാണ് നന്മ പ്രവൃത്തികൾ.അതിനാണ് പ്രതിഫലം ലഭിക്കുന്നത്. ബുദ്ധിമുട്ടനുഭവിക്കുന്നവരെ സഹായിക്കുക, ആത്മാക്കളെ നേടുക, ദൈവവേലയെ സഹായിക്കുക തുടങ്ങിയ പ്രവൃത്തികളെല്ലാം നിത്യത ലക്ഷ്യമാക്കി ഉള്ളതാണ്. ഇവയ്ക്കെല്ലാം പ്രതിഫലം ലഭിക്കും, ഈ വക പ്രവൃത്തികൾ വിലയേറിയ കല്ല്, പൊന്ന്, വെള്ളി മുതലായ വസ്തുക്കളെ പോലെ വിലയേറിയതും നിലനിൽക്കുന്നതുമാണ്.

ഈ ആയുസ്സിൽ മാത്രം പ്രത്യാശ വയ്ക്കുകയും ഈ ലോക ജീവിതത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും ചെയ്യുന്നവർ സകല മനുഷ്യരിലും അരിഷ്ടന്മാരാണെന്നാണ് പൗലൊസിന്റെ അഭിപ്രായം (1 കൊരിന്ത്യർ 15:19). അതുകൊണ്ടാണ് അഭിവൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് സ്വന്തം കാര്യം സെറ്റിലാക്കാൻ ശ്രമിക്കാതെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പൗലൊസ് അഹോരാത്രം അദ്ധ്വാനിച്ചത്.

ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ പ്രഗത്ഭരും പ്രശസ്തരുമായ പലർക്കും അവർ പ്രതീക്ഷിക്കുന്ന പ്രതിഫലം ലഭിക്കുകയില്ല. കാലാവസാനത്തിൽ ഓഹരി പ്രാപിക്കുവാൻ നിലത്തെ പൊടിയിൽ നിന്നും ഉണർന്നെഴുന്നേറ്റ് വരുന്ന പലരും ലജ്ജയ്ക്കും നിത്യനിന്ദക്കുമായി വരും എന്ന് ദാനിയേൽ പ്രവചനത്തിൽ (12:2,18) രേഖപ്പെടുത്തിയിരിക്കുന്നു. പലർക്കും പ്രതിഫലം കുറയുന്നതിന്റെ ഒരു കാരണം അവരുടെ പ്രവൃത്തികൾ ഇവിടെ തന്നെ വിളംബരം ചെയ്യപ്പെടുകയും ലഭിക്കാവുന്നതിന്റെ പരമാവധി മഹത്വവും മാനവും പ്രാപിക്കയും ചെയ്തതിനാലാണ്. എന്നാൽ രഹസ്യത്തിൽ ചെയ്ത നന്മ പ്രവൃത്തികൾക്ക് രഹസ്യത്തിൽ കണ്ട പിതാവ് പരസ്യമായി പ്രതിഫലം നൽകും.

## മുഴുരാത്രി പ്രാർത്ഥന

**അടൂർ:-** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജണിന്റെ ആഭിമുഖ്യത്തിൽ നെല്ലിമുകൾ ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വെച്ച് 2011 ജൂലൈ 1-ാം തീയതി രാത്രി 10 മണി മുതൽ മുഴുരാത്രി പ്രാർത്ഥന നടന്നു.ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൺ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ പാസ്റ്റർ റ്റി.പി. രാജു, ദൈവവചനത്തിൽ നിന്നും സംസാരിച്ചു. തുടർന്ന് വിവിധ സെഷനുകളിൽ കർത്തൃദാസന്മാരായ വി.എം ഏബ്രഹാം, എം. ജോർജ്ജുകുട്ടി, സുമേഷ് പി. ലാസർ, എബി ജോർജ്ജ്, എബി എം ജോൺ, വിനോദ് കെ, ഡി.ലാസർ, എന്നിവർ നേതൃത്വം വഹിച്ചു.

**Matrimonial**

Pentecostal parents invite proposal for their daughter, born and brought up in Visakhapatnam, 24 years, 5'-5", M.Sc Biotechnology , from the parents of born again, baptized and qualified boys.

Contact No: 09949923187, 08143225838

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

## ക്രിസ്തുവിന്റെ ന്യായാസനവും വിശുദ്ധന്മാരുടെ പ്രതിഫല വിഭജനവും



**പാസ്റ്റർ ബിജു തങ്കച്ചൻ**

**മുംബൈ**

ക്രിസ്തുവിന്റെ മടങ്ങിവരവിന് രണ്ട് ആമുഖങ്ങളുണ്ട്. താമസംവിനാ കാത്തിരിക്കുന്ന വിശുദ്ധന്മാരെ ചേർക്കാൻ മദ്ധ്യാകാശത്തിൽ കള്ളനെ പോലെ വരും. ഈ രഹസ്യവരവ് (Rapture) വിശുദ്ധന്മാരെ ചേർക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടുള്ള വ്യക്തിപരമായ (Private manifestation) വരവാണ്. സഭയ്ക്കു വേണ്ടി ഉദിക്കുന്ന ഉദയനക്ഷത്രം എന്നാണ് പത്രൊസിന്റെ അഭിപ്രായം(2 പത്രൊസ് 1:10). യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് പോകുന്നവനായി (Ascentation) കണ്ടതുപോലെ ശ്രദ്ധിച്ചിരിക്കുന്നവർ മാത്രം മടങ്ങിവരുന്നത് കാണും (1 തെസ്സലൊനികൃർ 4:16–17). ഈ രഹസ്യ വരവ് സഭയുടെ ഭാഗ്യകരമായ പ്രത്യാശയാണ്.

ഈ രഹസ്യ വരവിന് ശേഷം ഏഴ് വർഷം കഴിഞ്ഞ് കർത്താവ് തന്റെ വിശുദ്ധന്മാരുമായി ഭൂമിയിൽ പ്രത്യക്ഷപ്പെടും. ഇത് പരസ്യമാണ് (Public manifestation). കർത്താവ് നീതി സൂര്യനായി വെളിപ്പെടും (മലാഖി 4:2). ഉദയ നക്ഷത്രം ഇപ്പോൾ നീതിസൂര്യനായി മാറി. ഈ മഹത്വ പ്രത്യക്ഷതയിൽ മഹാസംഭവങ്ങൾ നടക്കും (സെഖ രിയ 14:4–5). ഒന്നാമത് മനുഷ്യനെ പോലെ വന്ന് രക്ഷാമാർഗ്ഗം ഒരുക്കിയവൻ രണ്ടാമത് കള്ളനെ പോലെ വന്ന് വിശുദ്ധൻമാരെ കൊണ്ടു പോയിട്ട് ഇപ്പോൾ ഇതാ മൂന്നാമതായി രാജാധിരാജാവിനെപോലെ വരുന്നു.

കർത്താവിന്റെ രഹസ്യവരവിനും മഹത്വപ്രത്യക്ഷതയ്ക്കും ഇടയിൽ ഏഴു വർഷത്തെ കാലയളവ് ഉണ്ടായിരിക്കും. ഇതിനെയാണ് മഹോപദ്രവ കാലയളവ് എന്ന് പറയുന്നത്. ഈ കാലഘട്ടത്തിൽ സ്വർഗ്ഗത്തിൽ നടക്കുന്ന ഒരു മഹാ സംഭവമാണ് വിശുദ്ധന്മാരുടെ പ്രതിഫല വിഭജനം.

ക്രിസ്തുവിന്റെ ന്യായാസനം എന്നത് സകലരുടേയും ന്യായവിധി നടക്കുന്ന സ്ഥലമല്ല. മറിച്ച് ക്രിസ്തുവിന്റെ രഹസ്യവരവിൽ എടുക്കപ്പെട്ട് സ്വർഗ്ഗത്തിൽ ആയിരിക്കുന്ന വിശുദ്ധന്മാരുടെ പ്രതിഫലം വിഭജിച്ച് നൽകുന്ന സ്ഥലമാണ്. ക്രിസ്തുവിന്റെ ന്യായാസനത്തിന് Bema എന്ന ഗ്രീക്ക് പദമാണ് കൊടുത്തിരിക്കുന്നത്. മത്സരം നടന്നതിനു ശേഷം വിധി കേൾക്കുവാൻ മത്സരാർത്ഥികളും അഭ്യുദയകാംക്ഷികളും നോക്കുന്നത് ഈ സിംഹാസനത്തിലേക്കും അതിലിരിക്കുന്ന മഹദ് വ്യക്തിയിലേക്കും ആയിരുന്നു. ഇത് ന്യായം വിധിച്ച് ശിക്ഷിക്കുന്ന ന്യായാസനമല്ല മറിച്ച് ജയപരാജയങ്ങൾ വിലയിരുത്തി പ്രതിഫലം നൽകുന്ന സിംഹാസനമാണ്.

> ഈ ആയുസ്സിൽ മാത്രം പ്രത്യാശ വയ്ക്കുകയും ഈ ലോക ജീവിതത്തെ കുറിച്ച് മാത്രം ചിന്തിക്കുകയും ചെയ്യുന്നവർ സകല മനുഷ്യരിലും അരിഷ്ടന്മാരാണെന്നാണ് പൗലൊസിന്റെ അഭിപ്രായം. അതുകൊണ്ടാണ് അഭിവൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് സ്വന്തം കാര്യം നേടിയെടുക്കാൻ ശ്രമിക്കാതെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പൗലൊസ് അഹോരാത്രം അദ്ധ്വാനിച്ചത്.

നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടി വരും എന്നും നമ്മിൽ ഒരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും എന്നും പൗലൊസ് റോമാ ലേഖനത്തിൽ ഓർപ്പിച്ചിരിക്കുന്നു(റോമർ 14: 10–12). നമ്മുടെ സകല പ്രവൃത്തികൾക്കും തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ വെളിപ്പെടും (2 കൊരിന്ത്യർ 5:10).

ക്രിസ്തുവിന്റെ ന്യായാസനത്തിൽ വിശുദ്ധന്മാരുടെ പ്രവൃത്തികൾ ശോധന ചെയ്യപ്പെടും(1 കൊരി 3: 11– 14). തീയിലൂടെ ശോധന ചെയ്യപ്പെടുമ്പോൾ പൊന്ന്, വെള്ളി, വിലയേറിയ കല്ല് തുടങ്ങിയ നിലവാരത്തിലുള്ള പണികൾ നില നിൽക്കും. അങ്ങനെ നില നിൽക്കുന്ന പണികൾക്ക് പ്രതി

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

വേദവിചാരം

## ഭാരതവികസനം; പ്രശ്നങ്ങളും പ്രതീക്ഷകളും



**പാസ്റ്റർ ബിജു ബഞ്ചമിൻ**

വൈരുദ്ധ്യങ്ങളുടെ വിളനിലമാണ് ഭാരതം. നാനാത്വത്തിൽ ഏകത്വം എന്ന മധുര മനോഹര മുദ്രാവാക്യം മനസ്സിൽ താലോലിക്കുന്നവർ എന്ന് അഭിമാനിക്കുന്നവരാണ് നാം. കാശ്മീർ മുതൽ കന്യാകുമാരി വരെയും ഗുജറാത്ത് മുതൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ വരെയും പടർന്ന് കിടക്കുന്ന ബഹുല സംസ്കാരങ്ങളും സമ്പത്തും വൈദേശീകരെ അൽപ്പമല്ല ആകർഷിച്ചിട്ടുള്ളത്. കോളനി വാഴ്ചയുടെ ഇരുമ്പു ചങ്ങലകളെ തകർത്ത് സ്വാതന്ത്ര്യത്തിന്റെ അനിർവ്വചനീയമായ ശുദ്ധവായു ശ്വസിക്കുവാൻ ഭാരതീയർക്ക് ബലിയായി നൽകേണ്ടിവന്നത് ആയിരക്കണക്കിന് പോരാളികളുടെ ചുടുചോരയും ആത്മധൈര്യവും സ്വാതന്ത്ര്യബോധവുമാണ്. 1947 ആഗസ്ത് 14 അർദ്ധരാത്രി ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കൈമാറിയപ്പോൾ ലക്ഷോപലക്ഷം ഹൃദയങ്ങളിൽ പ്രത്യാശയുടെ പ്രകാശകിരണങ്ങൾ തെളിഞ്ഞു നിന്നു. 64 വർഷങ്ങൾ സ്വതന്ത്ര ഭാരതം പിന്നിട്ട വികസനത്തിന്റെയും വളർച്ചയുടെയും ഉയർച്ചയുടെയും പാതകൾ വിലയിരുത്തുമ്പോൾ നമുക്ക് അഭിമാനിക്കുവാൻ ഏറെയുണ്ട്. സ്വാതന്ത്ര്യപ്പുലരിയുടെ സന്തോഷം ഏറ്റുവാങ്ങുവാൻ അന്ന് മുപ്പത്തഞ്ച് കോടി ജനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 120 കോടിയിൽപരം വരുന്ന ജനങ്ങളുടെ പ്രതീക്ഷകളും പ്രശ്നങ്ങളുമാണ് നമുക്ക് അഭിമുഖീകരിക്കുവാനുള്ളത്.

ഭാരതം ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾ വളരെ ബൃഹത്താണ്. എല്ലാം വിവരിക്കുവാൻ കഴിയാത്തതിനാൽ പ്രധാനപ്പെട്ട ചിലത് ഈ ലേഖനത്തിലൂടെ നമ്മുടെ വിചിന്തനത്തിനായി ചൂണ്ടിക്കാണിക്കട്ടെ. ദാരിദ്ര്യമാണ് നാം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഭാരതീയ സമൂഹത്തിലെ വലിയൊരുകൂട്ടം ആളുകൾ ഇന്നും ദാരിദ്ര്യത്തിൽ കഴിയുന്നു. ജീവിത സന്ധാരണത്തിന് അവശ്യകങ്ങളായ ഭക്ഷണം, ഭവനം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ വലിയൊരു കൂട്ടം ആളുകൾക്ക് ലഭ്യമല്ലാതായിരിക്കുന്നു. തങ്ങളുടെ മാനുഷികവും ശാരീരികവുമായ വളർച്ചയ്ക്ക് വിഘാതമായ ജീവിത സാഹചര്യങ്ങളിൽ അവർ വിലപിക്കുന്നു. ഭാരതത്തിലെ ദാരിദ്ര്യം ഇവിടുത്തെ സാമൂഹിക വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ദാരിദ്ര്യത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണം പല ഉത്തരങ്ങളിലേക്കും നമ്മെ നയിക്കുന്നു. വിധിയും അദ്ധ്വാനരാഹിത്വും ഇതിന് കാരണങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ ദാരിദ്ര്യത്തിന്റെ ഉൽപ്പത്തിയുടെ കാരണം സാമൂഹിക സാമ്പത്തിക അസമത്വങ്ങളും ഉച്ചനീചത്വങ്ങളും പൊതു വിതരണത്തിലെ പാളിച്ചകളുമാണെന്ന സത്യം നാം മറന്നുപോകരുത്.

മറ്റൊരു പ്രധാന പ്രശ്നമായ അഴിമതി, ഭാരതത്തിൽ സർവ്വശക്തവും സർവ്വവ്യാപിയുമാണ്. സാമൂഹിക സാമ്പത്തിക വ്യതിയാനങ്ങൾ ഭാരതത്തിന് സമ്മാനിച്ചത് അഴിമതിയുടെ വിഴുപ്പ് ഭാണ്ഠമാണ്. രാഷ്ട്രീയ നേതാക്കന്മാരും, സർക്കാർ ഉദ്യോഗസ്ഥരും, വ്യവസായ പ്രമുഖരും, കായികതാരങ്ങളും അഴിമതി ക്കേസ്സുകളിൽ പിടിക്കപ്പെടുകയും തുറങ്കിലടക്കപ്പെടുകയും ചെയ്യുന്നു. സാധാരണക്കാരന് കൈക്കൂലികൊടുക്കാതെ യാതൊന്നും നേടാൻ കഴിയാത്ത സാഹചര്യം. കള്ളപ്പണം, ഭൂമാഫിയ, ഭീകര പ്രവർത്തനങ്ങൾ മുതലായവ ഭാരതീയന്റെ നെഞ്ചിലെ എരിയുന്ന കനലുകളാണ്.

വിഭാഗീയ ചിന്താഗതികളും , മതവൈരങ്ങളും, ജാതി വ്യവസ്ഥിതിയും ഭാരതത്തിൽ വളർച്ച നേടുന്നു. നാനാത്വത്തിൽ ഏകത്വം ഉദ്ഘോഷിക്കപ്പെടുന്ന നാട്ടിൽ ചേരിതിരിവുകളും മതസംഘർഷങ്ങളും നിറഞ്ഞ് നിൽക്കുന്നു. ബാലികാ ബാലന്മാർക്കും സ്ത്രീകൾക്കുമെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിക്കുന്നു. ബാലവേല, അതു നിരോധിച്ചിരിക്കുന്ന നാട്ടിൽ ഒരു പതിവുകാഴ്ചയായി മാറിയിരിക്കുന്നു. ജനാധിപത്യത്തിന്റെ വിളനിലമായ ഇന്ത്യയിൽ സ്ത്രീസമത്വവും ശാക്തീകരണവും നാമമാത്രമായി അവശേഷിക്കുന്നു. പുസ്തകങ്ങളുമായി പള്ളിക്കൂടങ്ങളിൽ പദമൂന്നേണ്ട ബാല്യങ്ങൾ എരിയുന്ന വയറിന്റെ വിശപ്പടക്കുവാൻ കഠിനവേലകൾ ചെയ്യുന്നതും എച്ചിൽ കൂനകൾ തിരയുന്നതും ഭാരതത്തിന്റെ തീരാദുഃഖമാണ്

വികസനത്തിന്റെ പേരിൽ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുമ്പോൾ സാധാരണക്കാരന്റെ ജീവിതസന്ധാരണം നിശ്ചലമാകത്തക്കവണ്ണം അവർ കുടിയിറക്കപ്പെടുന്നു. എണ്ണപ്പെട്ട കരങ്ങളിൽ സമ്പത്ത് കുന്നുകൂടുമ്പോഴും ദരിദ്രരുടെ എണ്ണം ദിനം പ്രതി വർദ്ധിക്കുകയും അവരുടെ ദാരിദ്ര്യത്തിന്റെ ആക്കം കൂടുകയുമാണ് ചെയ്യുന്നത്. അണുശക്തി കേന്ദ്രങ്ങളും ഭീമൻ അണക്കെട്ടുകളും, വിമാനത്താവളങ്ങളും വ്യവസായ ശൃംഘലകളും വാണിജ്യ സ്ഥാപനങ്ങളും വികസനത്തിന്റെ ശ്രീകോവിലുകളായി വാഴ്ത്തപ്പെടുമ്പോൾ ഇടം നഷ്ടപ്പെടുന്ന സാധാരണക്കാരായ ഭാരതീയരുടെ ഇടനെഞ്ചിന്റെ ദുഃഖം അധികമാരും അറിയുന്നില്ല. നർമ്മദാ നദീതീരങ്ങളിൽ വികസനത്തിന്റെ ഇരകളായി വീടുകളും സ്ഥലങ്ങളും നഷ്ടപ്പെട്ട മനുഷ്യരും, വിഷവാതകം ശ്വസിച്ചുണ്ടായ അപകടത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തിന് ഇന്നും വാതിലുകൾ മുട്ടിവിളിക്കുന്ന പൗരന്മാരും,അണുകേന്ദ്രങ്ങളുടെ അതിർത്തികളിൽ ജീവനെ ഭയന്നുകഴിയുന്ന ജനങ്ങളും വികസനത്തിന്റെ ജീവിക്കുന്ന രക്തസാക്ഷികളാണ്. വന്ദനാ ശിവ എന്ന സാമൂഹിക പ്രവർത്തകയുടെ ഭാഷയിൽ ഇന്നിന്റെ വികസനം അപകടങ്ങൾ മാത്രം നിറഞ്ഞതാണ്.

പുതിയൊരു സ്വാതന്ത്ര്യദിനം പുതിയ ചിന്താഗതിയിലേക്കും ദിശാബോധത്തിലേക്കും നമ്മെ നയിക്കട്ടെ. മുകളിൽ പറഞ്ഞ പ്രശ്നങ്ങളുടെ ഋണാത്മകതയല്ല നമ്മുടെ മനസ്സിൽ ചർച്ചാവിഷയമാകേണ്ടത്,. പിന്നെയോ ഗുണാത്മകമായി ഇവയെ അതിജീവിക്കുവാൻ, നല്ലൊരു ഭാരതം കെട്ടിപ്പടുക്കുവാൻ നമുക്ക് എന്തു ചെയ്യുവാൻ കഴിയും എന്ന് ചിന്തിക്കുകയും അതു പ്രവർത്തിക്കുകയുമാണ് ഏറെ അഭികാമ്യം. വായനക്കാർക്ക് സ്വാതന്ത്ര്യദിനാശംസകൾ!

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*